No.CEE/5454/2018/KEAM-2019/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

## CAPE–ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കുള്ള പ്രത്യേക സംവരണം രേഖകൾ സമർപ്പിക്കണം

സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് (ഇൻഫർമേഷൻ ടെക്നോളജി), ബി.ടെക് (ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) ഒഴികെയുള്ള കോഴ്സുകളിൽ 35% മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലെ 10% സീറ്റുകൾ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചുകൊണ്ട് സ.ഉ(സാധാ) നം. 344/2018/Co-op തീയതി 30.05.2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേല്പറഞ്ഞ സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP-2019) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നതാണ്. ഇത്തരം സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ അവർ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയോ, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ മക്കളാണെന്ന് തെളിയിക്കുന്ന നിശ്ചിത പ്രൊഫോർമയിലുള്ള സർട്ടിഫിക്കറ്റ് 2019 **ജൂൺ 19 (ബുധനാഴ്ച) വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രൊഫോർമ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **KEAM-2019-Candidate Portal** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷ നമ്പർ, പാസ്‌വേർഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് **'Apply for CB-CAPE'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **pdf** ഫോർമാറ്റിലുള്ള സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത്തരം സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓപ്ഷൻ നൽകുമ്പോൾ ഈ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടാ സീറ്റ് ഓപ്ഷനായി നൽകേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14 .06.2019